# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.660 — 29/11/2018-ൽ മറുപടിക്ക്

### പ്രളയവും വൈദ്യുത ഉൽപ്പാദനവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനം ഇപ്പോൾ കടുത്ത വൈദ്യുതി പ്രതിസന്ധി നേരിട്ടുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് നിലവിൽ വൈദ്യുതി പ്രതിസന്ധി ഇല്ല. |
| (ബി) | പലപ്പോഴും വൈദ്യുതി മുന്നറിയിപ്പില്ലാതെ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസരണ ലൈനുകളുടേയോ സബ്സ്റ്റേഷൻ ഉപകരണങ്ങളുടേയോ പെട്ടെന്നുണ്ടാകുന്ന തകരാറുകൾ നിമിത്തം മുന്നറിയിപ്പില്ലാതെ ചില സന്ദർഭങ്ങളിൽ വൈദ്യുതി തടസ്സം നേരിടേണ്ടിവന്നിട്ടുണ്ട്. |
| (സി) | കനത്തമഴയെ തുടർന്ന് ഡാമുകളിലെ ജലം തുറന്നു വിട്ടതും, പ്രളയത്തെ തുടർന്ന് വൈദ്യുത ഉൽപ്പാദന യൂണിറ്റുകളിൽ ചിലത് തകരാറിലായതും വൈദ്യുതി ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; | (സി) | കനത്ത മഴയെതുടർന്ന് ലഭിച്ച അധിക ജലമാണ് ഡാമുകളിലൂടെ ഒഴുക്കി കളഞ്ഞത്. 22.11.2018-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ഡാമുകളിലും കൂടി 3151.38 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളം സംഭരിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 157.98 ദശലക്ഷം യൂണിറ്റ് അധികമാണ്. പ്രളയത്തെ തുടർന്ന് നിർത്തിവച്ചിരുന്ന വൈദ്യുത ഉൽപ്പാദന യൂണിറ്റുകളിൽ, പന്നിയാർ പവർഹൗസിലെ 2 യൂണിറ്റും പൊരിങ്ങൽക്കുത്തിലെ 2 യൂണിറ്റും ഏതാനും ചില ചെറുകിട നിലയങ്ങളും ഒഴികെ ബാക്കി എല്ലാ യൂണിറ്റുകളും പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ സംസ്ഥാനത്ത് പവർകട്ടും, ലോഡ് ഷെഡിംഗും ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (ഡി) | സംസ്ഥാനത്ത് ഇപ്പോഴത്തെ സാഹചര്യത്തിൽ പവർകട്ടും ലോഡ് ഷെഡിംഗും ഏർപ്പെടുത്തേണ്ട സാഹചര്യമില്ല |

സെക്ഷൻ ഓഫീസർ